"ഭരണഭാഷ-മാതൃഭാഷ"

തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
സ്വരാജ് ഭവൻ, അഞ്ചാംനില
നന്തൻകോട്, കവടിയാർ പി ഒ
തിരുവനന്തപുരം-03

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. DB4/8834/CMLRRP/2021/CE/LSGD

തീയതി:17.06.2022

## സർക്കുലർ

വിഷയം :- തസ്വഭവ - LID&EW - CMLRRP - ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന അവലോകനയോഗം - കരാറിൽ ഏർപ്പെടാത്ത പ്രവൃത്തികൾ - സംബന്ധിച്ച്.

സൂചന :- സർക്കാറിന്റെ 16.06.2022 ലെ ഇ-മെയിൽ സന്ദേശം.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.06.2022-ന് മുൻഗണന പദ്ധതികളുടെ അവലോകനയോഗം നടത്താൻ നിശ്ചയിച്ചിട്ടുള്ളതായി സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് നാളിതുവരെ കരാറിലേർപ്പെടാത്ത CMLRRP പ്രവൃത്തികളുടെ പട്ടിക സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. MIS പരിശോധിച്ചതിൽ നിലവിൽ **കരാറിലേർപ്പെടാത്ത 204 പ്രവൃത്തികളുള്ളതായി** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ പട്ടിക ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടികയിലെ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ P-1161 പ്രൊഫോർമയിൽ **18.06.2022 3pm-ന്** മുമ്പായി റിമാർക്ക്സ് കോളത്തിൽ ബ്ലോക്ക്/സബ് ഡിവിഷൻ തലത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, മേൽ പ്രൊഫോർമയിൽ ഉൾപ്പെട്ട പ്രവൃത്തികളുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ 20.06.2022-ന് ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ഈ കാര്യാലയത്തിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള യോഗത്തിൽ പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ സഹിതം പങ്കെടുക്കേണ്ടതാണ്. കോർപ്പറേഷനുകളിൽ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും മുൻസിപ്പാലിറ്റികളിൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരും പ്രൊഫോർമയിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി ടി യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ MIS updation കൃത്യമായി നടത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

As/-